I/299742/2023

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-DGE/2305/2023-M4

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 15-05-2023

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂൾ കുട്ടികൾ റെയിൽവേ ട്രാക്ക് മുറിച്ചുകടക്കുന്നത് - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്. - സംബന്ധിച്ച്

സൂചന :- ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 01/02/2023 തീയതിയിലെ 74/2023/PS/Min(G.Edn&L) നമ്പർ കുറിപ്പ്

.............

സ്കൂൾ കുട്ടികൾ റെയിൽവേ ലൈൻ മുറിച്ചു കടക്കുന്ന അവസരത്തിൽ നിരവധി അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

* യാതൊരു കാരണവശാലും നിർദ്ദിഷ്ട സ്ഥലത്ത് കൂടി അല്ലാതെ റെയിൽവേ ലൈൻ മുറിച്ചു കടക്കാൻ ശ്രമിക്കരുത്. നിർദ്ദിഷ്ട റെയിൽവേ ക്രോസ് ഉള്ളിടത്ത് കൂടി മാത്രം റെയിൽവേ ലൈൻ മുറിച്ചു കടക്കുന്നതിന് ആവശ്യമായ നിർദ്ദേശം അധ്യാപകരും രക്ഷിതാക്കളും കുട്ടികൾക്ക് നൽകേണ്ടതാണ്.

* റെയിൽവേ ലൈനിനടുത്തു സ്ഥാപിച്ചിരിക്കുന്ന സിഗ്നലുകൾ ശ്രദ്ധിച്ചു മാത്രം ട്രാക്ക് മുറിച്ചു കടക്കേണ്ടതാണ്.

* യാതൊരു കാരണവശാലും റെയിൽവേ ട്രാക്കിൽ കൂട്ടം കൂടി നിൽക്കുകയോ നടക്കുകയോ ചെയ്യരുത്.

* ഗേറ്റ് അടച്ചിട്ടിരിക്കുന്ന സമയം യാതൊരു കാരണവശാലും റെയിൽവേ ലൈൻ മുറിച്ചു കടക്കാൻ ശ്രമിക്കരുത്.

* റെയിൽവേ ലൈനിനടുത്ത് എത്തുമ്പോൾ ഫോൺ, ഹെഡ് സെറ്റ് എന്നിവ ഉപയോഗിക്കുവാൻ പാടില്ല.

* റെയിൽവേ ട്രാക്കിന് സമീപത്തുള്ള സ്കൂളുകളിലെ കുട്ടികൾ അപകടരഹിതമായി ട്രാക്ക് മുറിച്ചു കടക്കുന്നതിന് അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും കുട്ടികൾ അപകടരഹിതമായി ട്രാക്ക് മുറിച്ചു കടന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ട്രാക്ക് മുറിച്ചു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

I/299742/2023

* വിദ്യാർഥികൾ റെയിൽവേ ട്രാക്കിൽ കൂടി നടന്നു പോകുന്നതും അനുവദനീയമല്ലാത്ത സ്ഥലത്ത് കൂടി അല്ലാതെ റെയിൽവേ ലൈൻ മുറിച്ചു കടക്കുന്നതുമായ പ്രവണതകൾ അധ്യാപകരും രക്ഷിതാക്കളും ചേർന്ന് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

Signed by
Shine Mon M K
Date: 15-05-2023 10:54:22

**ഷൈൻ മോൻ .എം .കെ**
**അഡീഷണൽ ഡയറക്ടർ (അക്കാദമിക്)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:

1.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2.എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ.വിഭാഗം )
3.എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ.വിഭാഗം )
4.എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5.എല്ലാ പ്രധാന അധ്യാപകർക്കും (സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ.സ്കൂൾ ഉൾപ്പെടെ)
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1. കരുതൽ ഫയൽ